**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142</u>** **<u>07-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഇൻഫർമേഷൻ കേരളമിഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഐ.കെ.എം. (ഇൻഫർമേഷൻ കേരളമിഷൻ)- സേവനത്തിന്റെ ഫലമായി ഏതെല്ലാം സോഫ്റ്റ്‌വെയറുകളാണ് വികസിപ്പിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഇൻഫർമേഷൻ കേരളമിഷൻ തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കണക്കാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാണ്. ആയതിന്റെ നടപ്പാക്കൽ പ്രക്രിയ നടന്നുവരുന്നു |
| (സി) | തിരുവനന്തപുരം നഗരസഭയിൽ തൊഴിൽ നികുതി അടച്ചു കഴിഞ്ഞാൽ കമ്പ്യൂട്ടർ മുഖേന സ്വയംപ്രേരിതമായി പോസ്റ്റിങ് നടക്കുന്നതിനായി ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതിനായി നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ തിരുവനന്തപുരം നഗരസഭയിൽ തൊഴിൽ നികുതി അടച്ചുകഴിഞ്ഞാൽ സ്വയം പ്രേരിതമായി പ്രോസസിംഗ് നടക്കുന്നതിനായി ഐ കെ. എം സോഫ്റ്റ് വെയർ വിന്യസിച്ചിട്ടില്ല. എന്നാൽ നഗര സഭകളിൽ തൊഴിൽ നികുതി അടച്ച കഴിഞ്ഞാൽ സ്വയംപ്രേരിതമായി പോസ്റ്റിങ് നടക്കുന്നരീതിയിൽ ഐ കെ എം സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആയത് ഉടനെ തന്നെ നടപ്പിൽ വരുന്നതാണ്. |
| (ഡി) | തിരുവനന്തപുരം നഗരസഭയിൽ ഓൺലൈനായി ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചുവെന്നും കുടിശ്ശിക എത്രയുണ്ട് എന്നും അറിയുവാൻ ഐ.കെ.എം. എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലാത്തപക്ഷം ഐ കെ എം അത്തരത്തിലൊരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം നഗരസഭയിൽ ഓൺലൈനായി ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചുവെന്നും കുടിശ്ശിക എത്രയുണ്ട് എന്നും അറിയുവാനുള്ള സംവിധാനം നിലവിൽ സോഫ്റ്റ് വെയറിൽ വിന്യസിച്ചിട്ടില്ല.. എന്നാൽആയത് ഉടൻ തന്നെ നടപ്പിലാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ , സോഫ്റ്റ് വെയറിൽ വരുത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ നഗരസഭകളിൽ തൊഴിൽ നികുതി സ്വീകരിക്കുതിനുള്ള സംവിധാനങ്ങൾ | (ഇ) | തത്കാലം പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | ആധുനികവത്ക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കും എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

| നം | ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ | പ്രവർത്തന മേഖല |
|---|---|---|
| 1 | **ഐ.എൽ.ജി.എം എസ്** | വിവിധ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ. https://erp.lsgkerala.gov.in/ |
| 2 | **സുലേഖ** | പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഓൺലൈനായി നടപ്പാക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ. https://plan.lsgkerala.gov.in/ |
| 3 | **സഞ്ചയ** | കെട്ടിട നികുതി പിരിക്കുന്നതിനും, വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുമുള്ള (ഇ-പേയ്മെന്റ് ഉൾപ്പെടെ) വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ. https://tax.lsgkerala.gov.in/ |
| 4 | **സേവന (സിവിൽ രജിസ്ട്രേഷൻ)** | ഓൺലൈൻ സംവിധാനത്തിലൂടെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള പാക്കേജ്. https://cr.lsgkerala.gov.in/ |
| 5 | **സേവന (പെൻഷൻ)** | സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഇലക്ട്രോണിക് മണിയോർഡർ സംവിധാനത്തിലൂടെയും DBT(Direct Beneficiary Transfer) മുഖേന ബാങ്ക്/ പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയും നിർവഹിക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ. https://welfarepension.lsgkerala.gov.in/ , https://dbt.lsgkerala.gov.in/ |
| 6 | **സാംഖ്യ** | അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ. https://finance.lsgkerala.gov.in/ |
| 7 | **സങ്കേതം** | ആർക്കിടെക്ച്ചർ രജിസ്ട്രേഷനും കെട്ടിട പെർമിറ്റിനും വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനം, ഇലക്ട്രോണിക് രൂപത്തിൽ കെട്ടിട പെർമിറ്റ്/പൂർത്തീകരണ സർട്ടിഫിക്കറ്റ്/ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകൽ, ഫയലിന്റെ നിജസ്ഥിതി, പെർമിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് (എം-ഗവേണൻസ്) മുഖേന അറിയിക്കുന്നതിനുള്ള സംവിധാനം എന്നിവ ഉൾപ്പെട്ട വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ. http://buildingpermit.lsgkerala.gov.in/ |
| 8 | **സകർമ്മ** | കൗൺസിൽ/കമ്മിറ്റികളുടെ കാര്യപരിപാടികൾ, തീരുമാനങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനും യോഗ തീയതി, സമയം എന്നിവ എസ്.എം.എസ്സ് ആയും, ഇ-മെയിലായും അറിയിക്കുന്നതിനും, മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ഓൺലൈനായി നൽകുന്നതിനുമുള്ള സംവിധാനം. https://meeting.lsgkerala.gov.in/ |
| 9 | **സൂചിക** | ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ലഭ്യമാകുന്നതും ഓഫീസിനകത്ത് തീർപ്പ് കൽപ്പിക്കുന്നതുമായ ഫയലുകളുടെ നീക്കം രേഖപ്പെടുത്തുന്നതിനും ടച്ച് സ്ക്രീൻ സംവിധാനത്തിലൂടെ ഫയലുകളുടെ നിജസ്ഥിതി പൊതുജനങ്ങൾക്ക് അറിയുന്നതിനുമുള്ള ആപ്ലിക്കേഷൻ. |
| 10 | **സംവേദിത** | തദ്ദേശഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റ് ലഭ്യമാക്കുന്നതിനുള്ള പാക്കേജ്. |
| 11 | **സഞ്ചിത** | പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയടങ്ങിയ ഇലക്ട്രോണിക് വിജ്ഞാന കോശം. |
| 12 | **സചിത്ര (ജി.ഐ.എസ്)** | തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭൂപടങ്ങൾ, വാർഡ് മാപ്പുകൾ എന്നിവയടങ്ങിയ ഭൂപട വ്യൂഹം തയ്യാറാക്കുന്നതിനുള്ള ആപ്ലിക്കേഷൻ. |
| 13 | **സചിത്ര (അസറ്റ്)** | തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ. |
| 14 | **ഇ-ടിക്കറ്റിംഗ്** | സിനിമ തീയേറ്ററുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിനോദ നികുതി കൈകാര്യം ചെയ്യുന്നതിനും, ഓൺലൈനായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയറാണ് ഇ-ടിക്കറ്റിംഗ്. https://keralafilms.gov.in/ |
| 15 | **സഹായ (ഓട്ടോമാറ്റിക് സ്കൂൾ ഹാജർ സംവിധാനം)** | സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനവിവരങ്ങളും, പ്രോഗ്രസ്സ് റിപ്പോർട്ടുകളും, ഹാജർ നിലയും യഥാസമയം മാതാപിതാക്കൾക്ക് വെബ്സൈറ്റിലൂടെ തെരയുന്നതിനും, വിവരങ്ങൾ എസ്.എം.എസ്/ഇ-മെയിലിലൂടെ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. |
| 16 | **ഗ്രാമസഭാ പോർട്ടൽ** | ഗ്രാമസഭാ പ്രവർത്തനങ്ങൾ പരമാവധി ജനകീയമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായിട്ടുള്ള ഓൺലൈൻ ആപ്ലിക്കേഷനായ ഗ്രാമസഭാ പോർട്ടൽ. |
| 17 | CMLRRP | മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിക്ക് വേണ്ടി റോഡ് നവീകരണത്തിന്റെ വിവധ ഘട്ടങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഒരു എം.ഐ.എസ് ആപ്ലിക്കേഷൻ. |
| 18 | **ശുചിത്വ ജാഗ്രതാ പോർട്ടൽ** | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം. |
| 19 | **ലൈഫ് എംഐഎസ്** | ലൈഫ് മിഷൻ നിർമ്മാണഘട്ടങ്ങൾ നിരീക്ഷിക്കുന്നതിനും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തുക വിതരണം ചെയ്യുന്നതിനുമുള്ള ഒരു എം.ഐ.എസ് ആപ്ലിക്കേഷൻ. |
| 20 | **റീബിൽഡ് കേരള എംഐഎസ്** | പ്രളയ ദുരിദാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നാശനഷ്ടക്കണക്കുകൾ വിലയിരുത്തുന്നതിനും പേയ്മെന്റ് വിതരണം ചെയ്യുന്നതിനുമുള്ള ഒരു എം.ഐ.എസ് |

| നം | ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ | പ്രവർത്തന മേഖല |
|---|---|---|
| | | ആപ്ലിക്കേഷൻ. |
| 21 | ഓഡിറ്റ് ആപ്ലിക്കേഷൻ | ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനും, വിവരശേഖരണം, പരിശോധന എന്നിവ ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സുഗമമായി ചെയ്യുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ. |
| 22 | യു.എൽ.ബി ട്രാൻസ്ഫർ | നഗരസഭ ജീവനക്കാരുടെ സ്ഥലംമാറ്റം സുതാര്യമാക്കുന്നതിനുവേണ്ടിയും വേഗതയാക്കുന്നതിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള വെബ് ആപ്ലിക്കേഷൻ. |
| 23 | നിലാവ് (NILAAVU) | തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡിമാൻഡ് ശേഖരിക്കുന്നതിനും എൽഇഡി ലൈറ്റുകളിലേക്ക് മാറ്റുന്നതിന്റെ അവസ്ഥ നിരീക്ഷിക്കുന്നതിനുമുള്ള എം.ഐ.എസ് പ്ലാറ്റ്ഫോം. |
| 24 | Pandemics MIS | കോവിഡ്-19മായി ബന്ധപ്പെട്ട ഐസൊലേഷൻ / കമ്യൂണിറ്റി കിച്ചൻ വിവരങ്ങൾ ശേഖരിക്കുന്നതിനായി. |

**ഐ.കെ.എം നൽകുന്ന വെബ് അധിഷ്ഠിത ഓൺലൈൻ സർവ്വീസുകൾ:**

| | |
|---|---|
| തദ്ദേശ സ്വയം ഭരണ വകുപ്പ് പോർട്ടൽ | : https://lsgkerala.gov.in/ |
| ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ | : https://cr.lsgkerala.gov.in/ |
| വസ്തുനികുതിയുടെ ഇ-പേയ്മെന്റ് | : http://tax.lsgkerala.gov.in/ |
| പദ്ധതി നിർവ്വഹണം | : https://plan.lsgkerala.gov.in/ |
| വസ്തു നികുതി നിർണ്ണയം | : https://sanchaya.lsgkerala.gov.in/ |
| യോഗ തീരുമാനങ്ങൾ (സകർമ്മ) | : https://meeting.lsgkerala.gov.in/ |
| അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൌണ്ടിംഗ് | : https://finance.lsgkerala.gov.in/ |
| സാമൂഹ്യസുരക്ഷാ പെൻഷൻ | : https://welfarepension.lsgkerala.gov.in/ |
| കെട്ടിട നിർമ്മാണ പെർമിറ്റുകൾ | : https://buildingpermit.lsgkerala.gov.in/ |
| ഡി ആൻറ് ഒ ലൈസൻസ് | : http://revenue.lsgkerala.gov.in/ |
| ഫയൽ ട്രാക്കിംഗ് | : http://filetracking.lsgkerala.gov.in/ |
| സർക്കാർ ഉത്തരവുകൾ | : https://go.lsgkerala.gov.in/ |
| ടെണ്ടർ നോട്ടിഫിക്കേഷൻ | : http://www.tender.lsgkerala.gov.in |
| പഞ്ചായത്ത് ജീവനക്കാരുടെ പ്രൊവിഡൻറ് ഫണ്ട് | : http://www.kpepf.lsgkerala.gov.in/ |
| മുനിസിപ്പൽ ജീവനക്കാരുടെ പ്രൊവിഡൻറ് ഫണ്ട് | : http://www.kmpecpf.lsgkerala.gov.in/ |
| നഗരസഭാ ജീവനക്കാരുടെ സ്ഥലംമാറ്റം | : https://hr.lsgkerala.gov.in/ |
| ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ | : http://apps.lsgkerala.gov.in/Sthapana/ |
| കോർഡിനേഷൻ സമിതി മീറ്റിംഗ് മാനേജ്മെൻറ് | : https://ccmeeting.lsgkerala.gov.in/ |
| ജി.ഐ.എസ്സ് മാപ്പുകൾ | : http://gis.lsgkerala.gov.in/ |
| റീബിൽഡ് സർവ്വേ | : https://rebuild.lsgkerala.gov.in/ |
| ലൈഫ് എം.ഐ.എസ് | : https://lifemissionmis.kerala.gov.in/ |
| സിനിമ ടിക്കറ്റിംഗ് | : https://keralafilms.gov.in/ |
| നിലാവ് | : https://nilaavu.lsgkerala.gov.in/ |